പി. ഡബ്ല്യു. ഡി. പ്രവൃത്തികൾ നടത്തുന്നതിനുള്ള റൂളുകൾ.

* 1314. [35] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ല്യു. ഡിപ്പാർട്ടുമെൻറിൽ മലബാർ ഭാഗത്ത് ഇപ്പോൾ മദ്രാസ് സ്പെസിഫിക്കേഷൻ റൂൾസ് അനുസരിച്ചാണോ പ്രവൃത്തികൾ നടത്തിവരുന്നത് ;

(ബി) കേരളം ഉടലെടുത്തതിനുശേഷം തിരുവിതാംകൂർ-കൊച്ചി റൂളുകളും മദിരാശി റൂളുകളും, തിരുവിതാംകൂർ-കൊച്ചി ഭാഗത്തും മലബാർ ഭാഗത്തും വെവ്വേറെ തുടർന്നുപോരുന്നതുകൊണ്ട് പ്രവൃത്തികൾ നടത്തിപ്പോരുവാൻ വളരെയധികം വിഷമങ്ങൾ ഉണ്ടെന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ;

(സി) റൂളുകൾ ഏകീകരിക്കുന്ന കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

(എ) അതേ.

(ബി) ഇല്ല.

(സി) മലബാർ പ്രദേശത്തെ ഏർപ്പാടനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ട് ഈ പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : കേരളാടിസ്ഥാനത്തിൽ റൂളുകൾ ഉണ്ടാക്കി കേരളം മുഴുക്കെ പ്രവർത്തനം നടത്തുന്നതല്ലേ നല്ലത് ?

ശ്രീ. ടി. അബ്ദുൽമജീദ് : മലബാറിലുള്ള വ്യവസ്ഥതന്നെ മൊത്തത്തിൽ ആ റൂളുകളാണ് ഇപ്പോൾ നിലവിലുള്ളത്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇപ്പോൾ നടപ്പിലുള്ള റൂൾ കേരളാടിസ്ഥാനത്തിലുള്ള റൂളാണോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : അതേ.

മി. സ്പീക്കർ : ചോദ്യം 36 പലതവണ അൻസർ ചെയ്തിട്ടുള്ളതാണ്.

ശ്രീ. പി. ആർ. ഫ്രാൻസിസ് : അൻസർ ചെയ്തിട്ടില്ല.

ശ്രീ. സി. എ. മാത്യു : ചോദ്യം 48-ാം അതോടുകൂടി അൻസർ ചെയ്താൽ കൊള്ളാം, ഒരേമാതിരിയുള്ള ചോദ്യമാണ്.

ഗവണ്മെൻറ് ഗ്രാൻറ് കൊടുക്കുന്ന ഗ്രന്ഥശാലകൾ.

* 1315. [36] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തിൽ ഗവണ്മെൻറ് ഗ്രാൻറ് കൊടുക്കുന്ന എത്ര ഗ്രന്ഥശാലകൾ ഉണ്ട് ;

(ബി) 1957-58, 1958-59 എന്നീ സാമ്പത്തിക വർഷങ്ങളിൽ അതെ എത്ര സംഖ്യ ഗ്രാൻറ്കൊടുത്തു ;

(സി) ഈ സാമ്പത്തിക വർഷത്തിൽ എത്ര ഗ്രന്ഥശാലകൾക്ക് ഗ്രാൻറ് കൊടുക്കണം എന്നാണ് കേന്ദ്ര ഗ്രന്ഥശാലാസംഘം തീരുമാനിച്ചിരിക്കുന്നത് ;

(ഡി) ഗ്രന്ഥശാലാസംഘം തീരുമാനിച്ച എല്ലാ ഗ്രന്ഥശാലകൾക്കും ഗ്രാൻറ് കൊടുത്തോ ; ഇല്ലെങ്കിൽ കൊടുക്കാതിരിക്കാൻ കാരണമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly